**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93</u>** **<u>19-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ദേശീയപാത 66-നിർമ്മാണത്തിലെ അപാകതകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറത്തെ കൂരിയാട് അടക്കം ദേശീയപാത 66-ന്റെ ഭാഗമായുള്ള റോഡുകൾ തകർന്ന സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ് ദേശീയപാത 66 ന്റെ വികസനം. നേരത്തെ ദേശീയപാത അതോറിറ്റി പദ്ധതിക്കായി ഫണ്ട് അനുവദിക്കുകയും പ്രാഥമിക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു.എന്നാൽ സ്ഥലമേറ്റെടുത്ത് നൽകാത്തതിനെ തുടർന്ന് 2014 സെപ്റ്റംബറിൽ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം ദേശീയപാത വികസനത്തിൽ നിന്നും ദേശീയപാത അതോറിറ്റി പിൻമാറുകയുണ്ടായി.തുടർന്ന് 2016-ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബഹു.മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കേന്ദ്രസർക്കാരുമായി തുടർച്ചയായി ചർച്ച ചെയ്തതിനുശേഷമാണ് ആറുവരിയിൽ ദേശീയപാത 66 ന്റെ വികസനം വീണ്ടും യാഥാർത്ഥ്യമാക്കിയത്. ദേശീയപാത 66 ന്റെ വികസനം സാധ്യമാക്കാൻ ഭൂമിയേറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന നിബന്ധനയോടെയാണ് പ്രവൃത്തി പുനരാരംഭിച്ചത്.ഇതിനായി 5580.73 കോടി രൂപ സംസ്ഥാനം കേന്ദ്രത്തിന് കൈമാറുകയും ചെയ്തു.ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും വലിയ തുക ഒരു സംസ്ഥാന സർക്കാർ ദേശീയപാത വികസനത്തിനായി ചെലവഴിക്കുന്നത്.<br><br>ഭൂമിയേറ്റെടുക്കൽ ഏറെക്കുറെ പൂർത്തിയാക്കി ഭൂമി ദേശീയപാത അതോറിറ്റിക്ക് കൈമാറിയ ഘട്ടത്തിൽ ദേശീയപാത അതോറിറ്റി റോഡുകൾക്കുള്ള ഡിസൈൻ തയ്യാറാക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു.സംസ്ഥാനത്ത് 444 കി.മീറ്റർ ദൂരം ആറുവരിയിലേക്ക് വികസിപ്പിച്ചുകഴിഞ്ഞു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ദേശീയപാതയുടെ |

ഡിസൈനും നിർമ്മാണവും ഗുണനിലവാരം ഉറപ്പാക്കലും ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്തം ആണെങ്കിലും സംസ്ഥാനം ഫണ്ട് ചെലവഴിക്കുന്നതിനാലും പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിശ്ചിത ഇടവേളകളിൽ അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് മന്ത്രി എന്ന നിലയിൽ യോഗങ്ങൾ ചേരുകയും അതോടൊപ്പം പ്രവൃത്തിയിടങ്ങളിലെത്തി പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.കേരളത്തിൽ ദേശീയപാത നിർമ്മാണ വേളയിൽ മണ്ണിടിച്ചിൽ സാധ്യത മുന്നിൽ കണ്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താൻ നേരത്തെ തന്നെ ദേശീയപാത അതോറിറ്റിയോട് നിർദ്ദേശിച്ചിരുന്നു.ഇത്തരത്തിൽ മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകൾ കണ്ടെത്തി പരിസ്ഥിതി സൗഹാർദ്ദമായ പരിഹാര മാർഗ്ഗങ്ങൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കി നടപ്പാക്കണമെന്ന് ദേശീയപാത അതോറിറ്റിയോട് നിരവധി തവണ ആവശ്യപ്പെട്ടിരുന്നു.

പ്രവൃത്തി പുരോഗമിക്കുന്നതിനിടയിൽ മലപ്പുറത്ത് കൂരിയാട് നിർമ്മാണത്തിലിരിക്കുന്ന റോഡിന് തകർച്ച സംഭവിച്ചു. മഴയുടെ ഘട്ടത്തിൽ ചിലയിടങ്ങളിൽ മണ്ണിടിച്ചിലും റോഡുകളിൽ വിള്ളലുകളുമുണ്ടായി. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ട സമയത്ത് തന്നെ ദേശീയപാത അതോറിറ്റിയെ അറിയിക്കുകയും പരിഹാര നടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

26-05-2025-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും 30-05-2025-ന് ചീഫ് സെക്രട്ടറിയും ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരുമായി യോഗം നടത്തുകയും വിഷയത്തെ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു. 06-07-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ സന്ദർശിക്കുകയും കേരളത്തിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രത്യേകമായ ചർച്ച നടത്തുകയും ചെയ്തു. ആ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദേശീയപാത നിർമ്മാണത്തിലുണ്ടായ അപാകതകൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇതിന് അടിയന്തിരമായി പരിഹാരം കാണണമെന്നും പ്രശ്നങ്ങൾ ഗൗരവമായി പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു.

| | | | |
|---|---|---|---|
| | | | ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും ശാസ്ത്രീയമായ പരിഹാര മാർഗ്ഗങ്ങൾ ഉണ്ടാകുമെന്നും ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉറപ്പുനൽകി. കേരളത്തിലെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചതായും സമിതി റിപ്പോർട്ട് കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിക്കുകയുണ്ടായി. കൺസഷണറുടെ രൂപകൽപ്പനയിൽ പിഴവ് സംഭവിച്ചതുമൂലമാണ് തകർച്ച ഉണ്ടായതെന്ന് കണ്ടെത്തിയതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. കൺസഷണറെയും സ്വതന്ത്ര എഞ്ചിനീയറേയും ഡീബാർ ചെയ്തതായും ടീം ലീഡറെയും കൺസഷണറുടെ പ്രോജക്റ്റ് മാനേജരെയും സസ്പെൻഡ് ചെയ്തതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും കൂരിയാട് ഒരു വയഡക്റ്റ് നിർമ്മിക്കാനുള്ള നിർദ്ദേശം കരാറുകാരന് നൽകിയതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | ദേശീയപാത 66-ലെ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | സംസ്ഥാനത്ത് നിരവധി സ്ഥലങ്ങളിൽ ദേശീയ പാത നിർമ്മാണത്തിൽ വിള്ളൽ അടക്കം സംഭവിച്ചിട്ടും സർക്കാർ ഗൗരവപൂർവ്വം ഇടപെടൽ നടത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ